പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 450 21.07. 2015- ലെ മറുപടി

## പ്രവാസി നിക്ഷേപം പ്രയോജനപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രവാസി നിക്ഷേപം വഹിക്കുന്ന പങ്കിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | എ) പ്രവാസി മലയാളികളുടെ ബാങ്ക് നിക്ഷേപം സംബന്ധിച്ച് സംസ്ഥാനതല ബാങ്കേഴ്സ് സമിതി(SLBC) യുടെ കണക്ക് ലഭ്യമാണ്. 2011 - 12 സാമ്പത്തിക വർഷം മുതലുള്ള പ്രവാസികളുടെ ബാങ്ക് നിക്ഷേപം താഴെപ്പറയുന്ന |

| വർഷം | തുക(കോടി രൂപയിൽ) |
| --- | --- |
| 2011 - 12 | 48454 |
| 2012 - 13 | 66190 |
| 2013 - 14 | 93883 |
| 2014 - 15 | 109603 |

| ചോദ്യം | ഉത്തരം |
| --- | --- |
| ബി)പ്രവാസി നിക്ഷേപം, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഊർജ്ജം പകരുന്നതിനും സുസ്ഥിര വികസനത്തിനും പരമാവധി ഉപയോഗപ്പെടുത്തും വിധം പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>സി)വിദേശ മലയാളികളുടെ നിക്ഷേപം സംസ്ഥാന വികസനത്തിനും, ഒപ്പം പ്രവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | ബിയും സിയും) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി ഒരു പദ്ധതി - Engaging Diaspora for investment in the state എന്ന പേരിൽ രൂപം നൽകിയിട്ടുണ്ട്. 2015 ജനുവരി 16,17 തീയതികളിൽ കൊച്ചിയിൽ വച്ച് നടന്ന ആഗോള പ്രവാസി മലയാളി സംഗമത്തിൽ കേരളത്തിൽ നിലവിലുള്ള നിക്ഷേപ സാധ്യതകൾ സംബന്ധിച്ച് പ്രവാസി മലയാളികളെ പരിചയപ്പെടുത്തുന്നതിനായി ഒരു പ്രത്യേക സെഷൻ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സംഗമത്തിൽ സംസ്ഥാനം പ്രവാസി നിക്ഷേപത്തിനായി മൂന്നു പദ്ധതികൾ അവതരിപ്പിച്ചിരുന്നു. സ്റ്റാർട്ട് അപ് വില്ലേജ് വികസനം, കൊച്ചി മെട്രോ |

റെയിൽ ടൗൺഷിപ്പുകൾ, കണ്ണൂർ രാജ്യാന്തര വിമാനത്താവളം എന്നിവയാണവ. നിക്ഷേപ താൽപര്യമുള്ള പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിക്ഷേപ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി 'നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' (NORKA Business Facilitation Centre) എന്ന ഒരു പദ്ധതി നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക – റൂട്ട്സ് മുഖേന സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ പ്രവാസി നിക്ഷേപം ലക്ഷ്യമിട്ട് 'ഇൻകെൽ'(INKEL), ചേരമൻ ഫിനാൻഷ്യൽ സർവ്വീസസ് എന്നീ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഇൻകെല്ലും, പലിശ രഹിത വായ്പ നൽകുന്നതിന് ചേരമൻ ഫിനാൻഷ്യൽ സർവ്വീസസും നടപടി സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ